വായ്പ ലഭിക്കത്തക്കവിധം അപേക്ഷ ഹെഡ്ഡാഫീസിൽ ലഭിക്കുന്ന തീയതി സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിച്ചത്.

(സി) അപേക്ഷയുടെ ബാഹുല്യം കാരണം സീനിയോറിറ്റിക്ക് . ഒരു മാനദണ്ഡം സ്വീകരിക്കുന്നതിനാണ് ഈ തീരുമാനം.

(ഡി) ഇല്ല. മാത്രമല്ല പൂർണ്ണമായ അപേക്ഷകൾ ഓഫീസ് മേധാവിക്ക് സമർപ്പിച്ചാൽ ഉടൻതന്നെ വകുപ്പ് തലവൻമാരുടെ ഓഫീസിൽ എത്തിക്കാൻ സാധിക്കും.

(ഇ) ഇല്ല. വിദൂര ജില്ലകളിൽപ്പെട്ടവർക്ക് മുൻകൂട്ടി അപേക്ഷകൾ തയ്യാറാക്കി നൽകുവാൻ മതിയായ അവസരമുണ്ട്.

(എഫ്)ഇപ്പോൾ പരിഗണനയിലില്ല. അപേക്ഷകരുടെ എണ്ണവും ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്താണ് ഓരോ വർഷവും മാനദണ്ഡം നിശ്ചയിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട്

15 ([T]1838) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി ഒരു ഫണ്ട് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലയിലാണ് ഈ ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസേചനം, റോഡ്. വൈദ്യുതി, കുടിവെള്ള വിതരണം, ഉൾനാടൻ ജലഗതാഗതം, തുറമുഖം, ചവറ് സംസ്ക്കരണം, ഡ്രെയിനേജ് എന്നീ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഫണ്ട് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

പൊതുഭരണ വകുപ്പിനുള്ള ഭവന നിർമ്മാണ വായ്പ

16 (1839) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ സെക്രട്ടേറിയറ്റ് (പൊതുഭരണ) വകുപ്പിന് ഭവനനിർമ്മാണ വായ്പ അനുവദിക്കുന്നതിനായിട്ടുള്ള ബഡ്ജറ്റ് വിഹിതം എത്ര;

(ബി) ഭവന നിർമ്മാണ വായ്പ തുകയുടെ വർദ്ധനവിനനുസരിച്ച് ബഡ്ജറ്റിൽ വേണ്ടത്ര തുക വകയിരുത്താതിരിക്കുന്നതുകൊണ്ട് പൊതുഭരണ വകുപ്പിലെ വളരെ കുറച്ച് അപേക്ഷകർക്ക് മാത്രമേ വായ്പ ലഭിക്കുകയുള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

[T] മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

1137/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1999-2000 സാമ്പത്തിക വർഷത്തിൽ സെക്രട്ടേറിയറ്റ്, പൊതുഭരണ വകുപ്പിൽ പൊതുവിഭാഗത്തിൽപ്പെടുന്നവർക്ക് ഏതു കാലയളവ് മുതൽ ഏതു കാലയളവു വരെ അപേക്ഷിച്ചിട്ടുള്ള അപേക്ഷകർക്ക് ധനകാര്യവകുപ്പിൽനിന്നും ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട്; ഇത് മൊത്തം എത്ര തുകയ്ക്കാണെന്ന് അറിയിക്കുമോ;

(ഡി) മുൻ വർഷങ്ങളെ അപേക്ഷിച്ച് ധനകാര്യ വകുപ്പിൽനിന്നും അലോട്ട്മെന്റ് നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഈ സാമ്പത്തിക വർഷത്തെ ആദ്യ അലോട്ട്മെന്റ് നൽകിക്കൊണ്ടുള്ള കുറിപ്പ് എന്നാണ് നൽകിയത്;

(ഇ) 1999 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ അപേക്ഷകരുടെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് പൊതുഭരണ (അക്കൗണ്ട്സ്) വകുപ്പിന് എന്നാണ് കുറിപ്പ് നൽകിയത്; ഈ കാലയളവിൽ അപേക്ഷകർ ആരുംതന്നെയില്ലാത്തതിനാൽ, 1999 മാർച്ച് മുതലുള്ള അപേക്ഷകരുടെ വിശദാംശങ്ങൾ ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതമനുസരിച്ച് പൊതുഭരണ വകുപ്പിലെ വളരെ കുറച്ച് അപേക്ഷകർക്ക് മാത്രമേ വായ്പ ലഭിക്കുകയുള്ളൂവെന്നതുകൊണ്ട് ഈ വർഷത്തെ 'സറണ്ടർ ഫണ്ടിൽ' നിന്നും അപേക്ഷകരുടെ സീനിയോറിറ്റി അനുസരിച്ച് വായ്പ അനുവദിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ ഭവനവായ്പയ്ക്കായി നീക്കിവയ്ക്കുന്ന തുക സംസ്ഥാനത്തെ മുഴുവൻ ജീവനക്കാർക്കും പൊതുവായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. ഓരോ വകുപ്പിനും പ്രത്യേക തുക നീക്കിവയ്ക്കാറില്ല.

(ബി)&(സി) 99-2000 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 40 കോടി രൂപയും ഉപധനാഭ്യർത്ഥനപ്രകാരം 10 കോടിയും വകയിരുത്തിയിട്ടുണ്ട്. 1999 ഫെബ്രുവരി അവസാനംവരെ നൽകിയ എല്ലാ വ്യക്തിഗത അപേക്ഷകളും 1999 മാർച്ച് 31 വരെ നൽകിയ പട്ടികജാതി, പട്ടികവർഗ്ഗം, വികലാംഗർ, 45 വയസ്സ് കഴിഞ്ഞവർ എന്നിവരുടെ വ്യക്തിഗത അപേക്ഷകളും ജോയിന്റ് ലോൺ, റിപ്പയർ ലോൺ, എക്സ്റ്റൻഷൻ ലോൺ, അഡീഷണൽ ലോൺ എന്നീ അപേക്ഷകളും ഈ വർഷം പരിഗണിച്ചിട്ടുണ്ട്. പൊതു ഭരണവകുപ്പിലെ ജീവനക്കാർക്ക് 37,18,375/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 1.11.98 മുതൽ പഴയ നിരക്കിൽ വായ്പ അനുവദിച്ചവർക്ക് പുതുക്കിയ നിരക്കിൽ ബാക്കി തുക അനുവദിച്ചതിനാലാണ് കാലതാമസം വന്നത്. 22.11.99 ലാണ് ആദ്യ അലോട്ട്മെന്റ് കത്ത് നൽകിയത്.

(ഇ) 31.3.99 വരെ വകുപ്പു തലവൻമാർക്ക് ലഭിച്ച എല്ലാ അപേക്ഷകളും ഈ വർഷം പരിഗണനക്കായി 1999 ഏപ്രിൽ മാസം തന്നെ 28.4.99 ലെ സർക്കുലർ നം. 27/99/ധന. പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(എഫ്) ചെലവഴിക്കാൻ കഴിയാത്ത തുക 25.3.99 ന് മുൻപ് സറണ്ടർ ചെയ്യാനാണ് വകുപ്പ് തലവൻമാരോട് ആവശ്യപ്പെട്ടിട്ടുള്ളത്. എത്ര തുക മിച്ചം വരുമെന്നറിയാതെ എങ്ങനെ വിനിയോഗിക്കുമെന്ന് തീരുമാനിക്കാൻ കഴിയില്ല,

LIBRARY ARCHIVES Kerala Legislative Assembly